# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 646** **10.03.2015- ൽ മറുപടിക്ക്**

**കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള കേന്ദ്രസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം കൈത്തറി സഹകരണ സംഘങ്ങളും വൻ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന ആസൂത്രണ ബോർഡിന്റെ പഠന റിപ്പോർട്ട് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം കൈത്തറി സഹകരണസംഘങ്ങളും നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ കാരണങ്ങൾ താഴെ പറയുന്നവയാണ്.<br>1) ഉത്പാദനക്ഷമതയുടെ കുറവ്<br>2)പ്രവർത്തന മൂലധനത്തിന്റെ അഭാവം<br>3) നെയ്ത്തുകാരുടെ അഭാവം<br>4) ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ പലിശയും പിഴപലിശയും. |
| (സി) കൈത്തറി സഹകരണ സംഘങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച സഹായം ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കാമോ? | (സി) ഉണ്ട്. |

സെക്ഷൻ ഓഫീസർ